ചേർത്തിരിക്കുന്നു. *(അനുബന്ധം 1) ഓട്ടോ/ടാക്സി ചാർജ്ജുകൾ - രണ്ടു തവണ. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*. (അനുബന്ധം 2)

ടെമ്പോ ചാർജ് സർക്കാർ നിശ്ചയിച്ചിട്ടില്ല. ഡീസൽ, സ്പെയർ പാർട്സ് എന്നിവയുടെ വില, തൊഴിലാളികളുടെ വേതനം, ഇൻഷുറൻസ്, മെയിന്റനൻസ് ചെലവുകൾ ഇവയിലുള്ള വർദ്ധന എന്നിവ കാരണമാണ് നിരക്ക് വർദ്ധിപ്പിച്ചത്. ആ സമയത്ത് നിലവിലിരുന്ന പെട്രോൾ/ ഡീസൽ വില, നികുതി എന്നിവ സംബന്ധിച്ച് വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) ഡീസൽ വില അനുബന്ധമായി ചേർക്കുന്നു. *(അനുബന്ധം 3) പെട്രോൾ വില ശേഖരിച്ചു നൽകുന്നതാണ്.

(ഡി & ഇ) ഇന്ധനവില കുറഞ്ഞ സാഹചര്യത്തിൽ, നിരക്ക് കുറയ്ക്കുന്നത് സംബന്ധിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ജസ്റ്റിസ് രാമചന്ദ്രൻ കമ്മിറ്റിക്ക് നിർദ്ദേശം നൽകുകയും കമ്മിറ്റി വിവിധ മേഖലകളിൽ നിന്നും തെളിവെടുപ്പ് നടത്തി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇന്ധന വിലയിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ചാർജ് കുറയ്ക്കേണ്ടതില്ല എന്നാണ് കമ്മിറ്റി ശിപാർശ ചെയ്തിട്ടുള്ളത്. എന്നാൽ ഇന്ധന വിലയിൽ സ്ഥിരത ഉണ്ടാകുന്ന അവസ്ഥ വരുമ്പോൾ പരിഗണിക്കപ്പെടേണ്ടതായ എല്ലാ വശങ്ങളും പരിഗണിച്ചുകൊണ്ട് ബസ് ചാർജ്ജും ടാക്സി-ഓട്ടോറിക്ഷാ നിരക്കുകളും കുറയ്ക്കുന്ന കാര്യം സർക്കാരിന് ആലോചിക്കാവുന്നതാണെന്നും സമിതി ശിപാർശ ചെയ്യുകയുണ്ടായി. എന്നിരുന്നാലും ഇതര സംസ്ഥാനങ്ങളിൽ ചാർജ്ജ് കുറയ്ക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് സർക്കാർ പരിശോധിച്ചു വരികയാണ്. ബസ് ചാർജ്ജും ടാക്സി/ഓട്ടോറിക്ഷാ നിരക്കുകളും കാലാകാലങ്ങളിൽ നിശ്ചയിക്കുന്നതിനായി റെഗുലേറ്ററി കമ്മീഷനെ നിയമിക്കുന്നതിനായുള്ള നിർദ്ദേശങ്ങൾ ഒന്നും ഇപ്പോൾ പരിഗണനയിലില്ല.

ബസ്/ടാക്സി/ഓട്ടോ ചാർജ്ജ് കുറയ്ക്കൽ

403 (381) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ധല വില ഉയർന്നപ്പോൾ വർദ്ധിപ്പിച്ച ബസ്/ടാക്സി/ഓട്ടോ ചാർജ്ജുകൾ ഇന്ധനവില ഗണ്യമായി കുറഞ്ഞ സാഹചര്യത്തിൽ പുനഃപരിശോധനയ്ക്ക് വിധേയമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇക്കാര്യത്തിൽ, ഇതുവരെ എന്ത് നടപടികൾ സ്വീകരിച്ചുവെന്നും ഇനി എന്തൊക്കെ നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്നും വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഇന്ധനവില കുറഞ്ഞ സാഹചര്യത്തിൽ, നിരക്ക് കുറയ്ക്കുന്നത് സംബന്ധിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ജസ്റ്റിസ് രാമചന്ദ്രൻ കമ്മിറ്റിക്ക് നിർദ്ദേശം നൽകുകയും കമ്മിറ്റി വിവിധ മേഖലകളിൽ നിന്നും തെളിവെടുപ്പ് നടത്തി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇന്ധനവിലയിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ചാർജ് കുറയ്ക്കേണ്ടതില്ല എന്നാണ് കമ്മിറ്റി ശിപാർശ ചെയ്തിട്ടുള്ളത്. എന്നാൽ ഇന്ധനവിലയിൽ സ്ഥിരത ഉണ്ടാകുന്ന അവസ്ഥ വരുമ്പോൾ പരിഗണിക്കപ്പെടേണ്ടതായ എല്ലാ വശങ്ങളും പരിഗണിച്ചുകൊണ്ട് ബസ് ചാർജ്ജും ടാക്സി-ഓട്ടോറിക്ഷാനിരക്കുകളും കുറയ്ക്കുന്ന കാര്യം സർക്കാരിന് ആലോചിക്കാവുന്നതാണെന്നും സമിതി ശിപാർശ ചെയ്യുകയുണ്ടായി. എന്നിരുന്നാലും ഇതര സംസ്ഥാനങ്ങളിൽ ചാർജ് കുറയ്ക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് സർക്കാർ പരിശോധിച്ചു വരികയാണ്.

ഹാൻഡ്ലിംഗ് ചാർജ്ജ് ഈടാക്കുന്ന വാഹന ഡീലർമാർക്കെതിരെ സ്വീകരിച്ച നടപടികൾ

404 (382) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ:

ശ്രീ. വി.ശിവൻകുട്ടി:

ശ്രീ. ആർ. രാജേഷ്:

ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങൾ വിൽക്കുന്ന ഡീലർമാർ ഹാൻഡ്ലിംഗ് ചാർജ്ജിനത്തിൽ വാഹന ഉപഭോക്താക്കളിൽനിന്നും വൻതുക നിർബന്ധപൂർവ്വം ഈടാക്കുന്നതായുള്ള പ്രശ്നത്തിൽ വാഹന ഡീലർമാർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) കൈകാര്യ ചെലവിനത്തിൽ അനധികൃതമായി ഡീലർമാർ പിരിച്ചെടുത്തതുകയെ സംബന്ധിച്ചുള്ള കണക്കുകൾ കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ;